**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4963** **14-03-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വാഴിച്ചൽ-കള്ളിക്കാട് റീച്ചിലെ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | പുറമ്പോക്ക് ഭൂമിയിലെ 42 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പാക്കേജ് പി.ഡബ്ല്യൂഡി ജി1/181/2022/പി.ഡബ്ല്യൂഡി നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത പുനരധിവാസം എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ ? | (ഡി) | പുറമ്പോക്ക് ഭൂമിയിലെ 42 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പാക്കേജ് പി.ഡബ്ല്യൂഡി ജി1/181/2022/പി.ഡബ്ല്യൂഡി നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതി | ദൈർഘ്യം | സാമ്പത്തിക അനുമതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മലയോര ഹൈവേ കടപ്പനമൂട് വാഴിച്ചൽ | 2.75 കി.മീ | 12.13 കോടി | പ്രവൃത്തി നേരത്തെ 26.10.2022 ന് ടെൻഡർ ചെയ്യുകയും ഒറ്റ ബിഡ് മാത്രം ലഭിച്ചതിനാൽ 19.11.2022-ന് വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തു. 06.02.2023-ൽ നടന്ന 40-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ബിഡർ ക്വാട്ട് ചെയ്ത തുക സ്വീകാര്യമായ പരിധിയേക്കാൾ കൂടുതലായതിനാൽ റീ ടെൻഡർ ചെയ്യുവാൻ കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തു. 17.02.2023-ൽ പ്രവൃത്തി മൂന്നാമതും ടെൻഡർ ചെയ്തു. 09.03.2023 ടെക്നിക്കൽ ബിഡ്സ് ഓപ്പൺ ചെയ്തു. പ്രീ. ക്വാളിഫിക്കേഷൻ മൂല്യ നിർണ്ണയം നടന്നു വരുന്നു. |
| 2 | മലയോര ഹൈവേ കള്ളിക്കാട്- പാറശാല ഒന്നാം ഘട്ടം | 15.00 കി.മീ | 54.91 കോടി | DBM പൂർത്തിയായിട്ടുണ്ട്. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് BC ചെയ്ത് പദ്ധതി പൂർത്തികരിക്കുന്നതാണ്. |
| 3 | മലയോര ഹൈവേ കള്ളിക്കാട് -പാറശാല രണ്ടാം ഘട്ടം | 7.40 കി.മീ | 53.84 കോടി | ഭൂരിഭാഗം സ്ഥലങ്ങളിലും DBM പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. BC ആരംഭിക്കുന്നതിനു മുന്നോടിയായുള്ള ഗുണനിലവാര പരിശോധനകൾ നടന്നു വരുന്നു. പുറമ്പോക്ക് ഭൂമിയിലെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പാക്കേജ് സർക്കാർ പരിശോധിച്ചു വരുന്നു. |
| 4. | കള്ളിക്കാട്, മുകുന്ദറ പാലം | | | 21.05.2022-ൽ DPR കിഫ്ബിയിൽ സമർപ്പിച്ചു. 18.11.2022-ൽ TAR-2 കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട് തുടർ നടപടികൾ കെ.ആർ.എഫ്ബി-പി.എം.യു, തിരുവനന്തപുരം ഡിവിഷൻ ഓഫീസിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ